# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4699.

26-06-2019 ൽ മറുപടിയ്ക്ക്

## രണ്ടാം വിള കൃഷിയിലെ നെല്ലിൻെറ സംഭരണം

**ചോദ്യം**

ശ്രീ. മുഹമ്മദ് മുഹസിൻ പി

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിൽ രണ്ടാം വിളയിൽ എത്ര കിലോ നെല്ല് സംഭരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; മുൻവർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം കൂടുതൽ നെല്ല് സംഭരണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ കണക്കുകൾ ലഭ്യമാക്കാമോ; | (എ) | പാലക്കാട് ജില്ലയിൽ സപ്ലൈകോ മുഖേന രണ്ടാം വിളയിൽ 22/06/2019 വരെ 16,40,31,026 കിലോഗ്രാം നെല്ല് സംഭരിച്ചിട്ടുണ്ട്. മുൻ വർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം 7,34,29,305 കിലോഗ്രാം നെല്ല് അധികം സംഭരിച്ചിട്ടുണ്ട്. |
| (ബി) | പി.ആർ.എസ്സ്. മായി എത്തുന്ന കർഷകർക്ക് പൊതുമേഖലാ ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും വായ്പ നൽകുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമേഖലാ ഷെഡ്യൂൾഡ് ബാങ്കുകളിൽ പി.ആർ.എസ്സ് വായ്പയ്ക്ക് അപേക്ഷിച്ച കർഷകർക്ക് യോഗ്യത സാക്ഷ്യ പത്രത്തിൻമേൽ ഉത്തരവ് നൽകുന്ന മുറയ്ക്ക് കാലതാമസം കൂടാതെ തുക നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ചില ബാങ്കുകളുടെ ഭാഗത്ത് കാലതാമസം വരുന്നുണ്ട്. എന്നാൽ ജില്ലാ സഹകരണ ബാങ്കുകൾ പി.ആർ.എസ് മായി എത്തുന്ന കർഷകർക്ക് അപ്പോൾ തന്നെ വായ്പ നൽകുന്നുണ്ട്. ആയതിനാൽ ഇപ്പോൾ ജില്ലാ സഹകരണ ബാങ്ക് വഴി പി.ആർ.എസ്സ് വായ്പ ലഭിക്കുവാൻ താത്പര്യമുള്ള കർഷകർ ബാങ്ക് അക്കൗണ്ട് മാറ്റി നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ